I/94354/2024

ഭരണഭാഷ – മാതൃഭാഷ

**സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്, തിരുവനന്തപുരം**

**dtekerala@gmail.com**
**0471 2561307**

**<u>നടപടിക്രമം</u>**

സാങ്കേതിക വിദ്യാഭ്യാസം– ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം- ക്യൂ.ഐ.പി ഡെപ്യൂട്ടേഷൻ (2022-2023 എം.ടെക് അഡ്മിഷൻ) പൂർത്തീകരിക്കുന്ന മുറയ്ക്ക് സർക്കാർ പോളിടെക്നിക് കോളേജിലെ ടെക്സ്റ്റൈൽ ടെക്നോളജി വിഭാഗം ലക്ചറർ തസ്തികയിൽ പുനർ നിയമനം അനുവദിച്ച്- ഉത്തരവ്– പുറപ്പെടുവിക്കുന്നു

---

**ജീവനക്കാര്യം (സി) വിഭാഗം**

**നം.DTETVM/4619/2024-EC1 (EC)** **തിരുവനന്തപുരം, തീയതി:29-05-2024**

---

വായന :-
1. 25.08.2021 ലെ G.O. (Rt) No.1106/2021/H.Edn.
2. 30.12.2022 തീയതിയിലെ ഈ ഓഫീസിലെ നടപടിക്രമം നം.L2/4006/22/DTE.
3. 03.04.2024 ലെ തിരുവനന്തപുരം സെൻട്രൽ പോളിടെക്നിക്ക് കോളേജ് പ്രിൻസിപ്പാളിന്റെ കത്ത് നമ്പർ E2/3215/22/സിപിടിസി
4. ശ്രീ അസീം കെ, ടെക്സ്റ്റൈൽ ടെക്നോളജി വിഭാഗം ലക്ചറർ സമർപ്പിച്ച അപേക്ഷ തീയതി 23.03.2024

**<u>ഉത്തരവ്</u>**

വായന (1) (2) ലെ ഉത്തരവ് പ്രകാരം, തിരുവനന്തപുരം സെൻട്രൽ പോളിടെക്നിക് കോളേജിലെ ടെക്സ്റ്റൈൽ ടെക്നോളജി വിഭാഗം ലക്ചറർ ശ്രീ.അസീം കെ ക്ക് AICTE ക്യൂ.ഐ.പി-Poly scheme പ്രകാരം PSG College of Technology, Coimbatore-641004 ലേക്ക് എം.ടെക് കോഴ്സ് (2022-23 അഡ്മിഷൻ) ഉപരിപഠനത്തിനായി അനുമതി നൽകുകയുണ്ടായി. ഇപ്പോൾ ഡെപ്യൂട്ടേഷൻ പൂർത്തീകരിക്കുന്ന മുറയ്ക്ക് പുനർ നിയമനത്തിന് വായന (3),(4) പ്രകാരം അപേക്ഷ സമർപ്പിച്ചിരിക്കുന്നു.

മേൽ സാഹചര്യത്തിൽ, ടി ഉദ്യോഗസ്ഥനു ചുവടെ കൊടുത്തിരിക്കുന്നതനുസരിച്ച് ടിയാൻറെ പേരിന് നേരെ സൂചിപ്പിച്ചിരിക്കുന്ന സ്ഥാപനത്തിലെ ടെക്സ്റ്റൈൽ ടെക്നോളജി വിഭാഗം ലക്ചറർ തസ്തികയിലെ നിലവിലുള്ള ഒഴിവിലേക്ക്, PSG College of Technology, Coimbatore-641004 യിൽ നിന്നും ക്യൂ.ഐ.പി ഡെപ്യൂട്ടേഷൻ പ്രകാരം എം.ടെക് കോഴ്സ് പൂർത്തീകരിക്കുന്ന മുറയ്ക്കോ, രണ്ട് വർഷ കാലയളവ് പൂർത്തീകരിക്കുന്ന മുറയ്ക്കോ പുനർ നിയമനം നല്കി ഉത്തരവാകുന്നു.

I/94354/2024

| ക്രമ നമ്പർ | ഉദ്യോഗസ്ഥരുടെ പേര്, തസ്തിക, സ്ഥാപനത്തിന്റെ പേര്, പെൻ നമ്പർ | നിയമനം നൽകുന്ന സ്ഥാപനം |
|---|---|---|
| 1 | ശ്രീ അസീം കെ, ടെക്സ്റ്റൈൽ ടെക്നോളജി വിഭാഗം ലക്ചറർ, സെൻട്രൽ പോളിടെക്നിക്ക് കോളേജ്, തിരുവനന്തപുരം(PEN: 806059) | സെൻട്രൽ പോളിടെക്നിക്ക് കോളേജ്, തിരുവനന്തപുരം |

2024 പൊതു സ്ഥലം മാറ്റത്തിനായി സമർപ്പിച്ചിട്ടുള്ള അർഹമായ അപേക്ഷകൾ പരിഗണിക്കപ്പെടുകയാണെങ്കിൽ പുനർ നിയമനം ലഭിച്ച സ്ഥാപനത്തിൽ നിന്നും സ്ഥലം മാറ്റി നിയമിക്കുന്നതാണ്.

പുനർനിയമനം നൽകപ്പെട്ട സ്ഥാപനത്തിലെ സ്ഥാപനമേധാവി ടി അദ്ധ്യാപകൻറെ ക്യൂ.ഐ.പി ചെയ്യുന്ന സ്ഥാപനത്തിൽ നിന്നുള്ള വിടുതൽ സർട്ടിഫിക്കറ്റ്/ കോഴ്സ് പൂർത്തീകരിച്ച സാക്ഷ്യപത്രം പരിശോധിച്ച് പുന:പ്രവേശനം അനുവദിക്കേണ്ടതും, ഇവരുടെ ചേരുംകാലം ബന്ധപ്പെട്ട രേഖകൾ സഹിതം യഥാസമയം ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതുമാണ്.

Rajasree MS
DIRECTOR

സ്വീകർത്താവ്

1. ഈ വകുപ്പിന് കീഴിലുള്ള എല്ലാ സ്ഥാപനമേധാവികൾക്കും ബന്ധപ്പെട്ട ജീവനക്കാർക്കും (www.dtekerala.gov.in എന്ന വെബ്സൈറ്റ് മുഖാന്തിരം).
2. സൂപ്രണ്ട്
3. സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

I/94354/2024

Signed by
Rajasree Ms
Date: 29-05-2024 17:05:02